# തിരുവിതാംകൂർ ദേവസ്വം ബോർഡ്
## ദർഘാസ് പരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ തിരുവാഭരണം കമ്മീഷണർ ആഫീസിൽ നിന്നും പരസ്യം ചെയ്യുന്നതെന്തന്നാൽ

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽപെട്ട നെയ്യാറ്റിൻകര ഗ്രൂപ്പിൽപ്പെട്ട പാറശ്ശാല ശിവശങ്കരം ആഡിറ്റോറിയത്തിലേയ്ക്കും, ഊട്ടുപുരയിലേയ്ക്കും ആവശ്യമായ പാത്രങ്ങൾ സപ്ലൈ ചെയ്യുന്നതിന് അംഗീകൃത പാത്ര വ്യാപാരികളിൽ നിന്നും മത്സര സ്വഭാവമുള്ള മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി 18.05.2016 2.pm.ടെൻഡർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ആഫീസ് സമയത്ത് ഈ ആഫീസിൽ നിന്ന് അറിയാവുന്നതാണ്.

| ജോലി വിവരം | അടങ്കൽ തുക | നിരതദ്രവ്യം |
|---|---|---|
| നെയ്യാറ്റിൻകര ഗ്രൂപ്പിൽപ്പെട്ട പാറശ്ശാല ശിവശങ്കരം ആഡിറ്റോറിയത്തിലേയ്ക്ക് പാത്രങ്ങൾ സപ്ലൈ ചെയ്യുന്നത് സംബന്ധിച്ച് | Rs 2,46,000/- | Rs.12500/- |

ദർഘാസിനോടൊപ്പം നിരതദ്രവ്യം തിരുവാഭരണം കമ്മീഷണറുടെ പേരിൽ ധനലക്ഷ്മി ബാങ്കിന്റെ പത്തനംതിട്ട ബ്രാഞ്ചിൽ മാറത്തക്കവിധമുള്ള ഡിമാന്റ് ഡ്രാഫ്റ്റ് ഹാജരാക്കേണ്ടതാണ്. നിരതദ്രവ്യം ഹാജരാക്കാതെ സമർപ്പിക്കുന്ന ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. അതാതു സ്ഥാപനങ്ങളുടെ ലെറ്റർ ഹെഡിൽ വേണം ദർഘാസുകൾ ഹാജരാക്കേണ്ടത്. ദർഘാസുകൾ 18.05.2016 ഉച്ചയ്ക്കു 2 മണി വരെ തിരുവാഭരണം കമ്മീഷണറുടെ ആറന്മുളയിലുള്ള കാര്യാലയത്തിൽ സ്വീകരിക്കുന്നതും, അന്നേ ദിവസം പകൽ 2.30 pm ന് സന്നിഹിതരായിരിക്കുന്നവരുടെ സാന്നിദ്ധ്യത്തിൽ പൊട്ടിച്ചു പരിശോധിക്കുന്നതും,ടെൻഡർ സമർപ്പിച്ചിട്ടുള്ള ഏറ്റവും കുറവു തുക കോട്ടു ചെയ്തിട്ടുള്ള ആളുടെ പേർക്ക് കരാർ ഉറപ്പിക്കുന്നതിലേക്കായി ദേവസ്വം ബോർഡ് ആഫീസിലേക്ക് ശുപാർശ അയക്കുന്നതുമാണ്. ദേവസ്വം ബോർഡിൽ നിന്നും കരാർ അനുവദിയ്ക്കുന്ന മുറയ്ക്ക് കരാർകാരന് നോട്ടീസ് നൽകുന്നതും ആയത് ലഭിക്കുന്ന മുറയ്ക്ക് ഈ ആഫീസിൽ ഹാജരായി എഗ്രിമെന്റ് വെച്ച് തിരുവാഭരണം കമ്മീഷണറുടെ മേൽനോട്ടത്തിൽ ഒരു മാസത്തെ കാലാവധിക്കുള്ളിൽ പാത്രങ്ങൾ സപ്ലൈ ചെയ്യേണ്ടതുമാണ്. ദർഘാസുകൾ സ്വീകരിക്കുന്നതിനും യാതൊരു കാരണവും കൂടാതെ നിരാകരിക്കുന്നതിനും ഇത് സംബന്ധിച്ചുള്ള അന്തിമ തീരുമാനം കൈകൊള്ളുന്നതിനുമുള്ള പരിപൂർണ്ണ അധികാരം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ഈ കരാറിന് എന്തെങ്കിലും വിധത്തിലുള്ള നികുതികൾ സർക്കാരിലേക്ക് അടയ്ക്കേണ്ടി വന്നാൽ കരാറുകാരൻ ആയത് അടയ്ക്കേതാണ്. കൂടുതൽ വിവരങ്ങൾ ഈ ആഫീസിൽ നിന്നോ, നെയ്യാറ്റിൻകര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിൽ നിന്നോ, പ്രവർത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്.

ഫോൺ നമ്പറുകൾ ചുവടെ ചേർക്കുന്നു.

തിരുവാഭരണം കമ്മീഷണർ ആഫീസ്, ആറന്മുള 0468 –2261207
അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ്, നെയ്യാറ്റിൻകര 0471 –2222780

ആർ.ഒ.സി. 74 /15/റ്റിഎം
ആറന്മുള

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി

(ഒപ്പ്)

16.04.2016

പി.ആർ.അനിത
തിരുവാഭരണം കമ്മീഷണർ